# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 722 — 10.02.2016-ൽ മറുപടിക്ക്

## പൾസ് പോളിയോ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പൾസ് പോളിയോ പ്രതിരോധ മരുന്ന് വിദേശ രാജ്യങ്ങളിൽ നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പൾസ് പോളിയോ പ്രതിരോധ മരുന്ന് ആയ ഓറൽ പോളിയോ വാക്സിൻ (ഒ.പി.വി) 156 രാജ്യങ്ങളിൽ ഇപ്പോഴും നൽകി വരുന്നു. 47 രാജ്യങ്ങളിൽ ഒ.പി.വി. ഉപയോഗിക്കുന്നില്ല.<br>അമേരിക്കയിൽ തുടർച്ചയായി 20 വർഷം ഒ.പി.വി. തുള്ളിമരുന്ന് നൽകി പൂർണ്ണമായും പോളിയോ നിർമ്മാർജ്ജനം നടത്തിയശേഷം, ഇപ്പോൾ ഇൻജക്റ്റബിൾ പോളിയോ വാക്സിൻ ഉപയോഗിക്കുന്നു. കൂടാതെ അവിടെ പോളിയോ വൈറസ് പകർച്ചയും (ട്രാൻസ്മിഷൻ) ഇല്ല. |
| (ബി) പ്രസ്തുത മരുന്ന് കേരളത്തിൽ ഇപ്പോഴും നൽകുന്നതിന്റെ ശാസ്ത്രീയ അടിത്തറ വിശദമാക്കുമോ ; | (ബി) | കേരളത്തിൽ റൊട്ടീൻ ഇമ്മ്യൂണൈസേഷൻ കവറേജ് ഇപ്പോഴും 83% മാത്രമാണ്. ഇന്ത്യയിൽ ഇത് 65% ആണ്. അയൽ രാജ്യങ്ങളായ അഫ്ഗാനിസ്ഥാൻ , പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോഴും പോളിയോ വൈറസ് പകർച്ച (ട്രാൻസ്മിഷൻ) നടക്കുന്നുണ്ട്. ആ രാജ്യങ്ങളിൽ നിന്നും ധാരാളം ആൾക്കാർ ടൂറിസം, ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്കായി അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യുന്നതിനാൽ പോളിയോ വൈറസ് ട്രാൻസ്മിഷൻ സാധ്യത ഉണ്ടാകുന്നു. മേൽപ്പറഞ്ഞ രണ്ട് അയൽരാജ്യങ്ങളും പൂർണ്ണമായും പോളിയോ വിമുക്തമാകുന്നതു വരെ നമ്മുടെ രാജ്യത്ത് പൾസ് പോളിയോ പ്രതിരോധ മരുന്ന് തുടരേണ്ടി വരും. |

| | | | |
|---|---|---|---|
| (സി) | ഈ മരുന്ന് ഒരു പ്രാവശ്യം നൽകുന്നതിന്റെ ചെലവ് വ്യക്തമാക്കുമോ ; | (സി) | പൾസ് പോളിയോ പ്രതിരോധ മരുന്ന് പൂർണ്ണമായും ഗവൺമെന്റ് ഓഫ് ഇന്ത്യ നടത്തുന്ന പരിപാടി ആയതിനാൽ ഇതിന്റെ പൂർണ്ണമായ ചെലവ് ലഭ്യമല്ല. |
| (ഡി) | ഏതെല്ലാം സമയങ്ങളിലാണ് ഈ മരുന്ന് നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ദേശീയ പ്രതിരോധ കുത്തിവെയ്പ് പദ്ധതിയിലൂടെ ജനിച്ചയുടൻ മുതൽ 5 വയസ്സ് വരെയുള്ള കാലയളവിൽ സമയബന്ധിതമായി 5 ഡോസ് പോളിയോ തുള്ളിമരുന്നും, ദേശീയ പ്രതിരോധ കുത്തിവെയ്പ് ദിനങ്ങളിൽ (NID - National Immunization Days) വർഷത്തിൽ രണ്ട് തവണയും പോളിയോ തുള്ളി മരുന്ന് നൽകി വരുന്നു. കൂടാതെ അന്തർദേശീയ യാത്ര (International travel) നടത്തുമ്പോൾ ഒരു ഡോസ് പോളിയോ തുള്ളിമരുന്ന് പ്രായഭേദമന്യേ എല്ലാവർക്കും നൽകി വരുന്നു. |

**പോളിയോ തുള്ളി മരുന്ന് നൽകുന്ന സമയങ്ങൾ**

| | | |
|---|---|---|
| ജനിച്ചയുടൻ | - | 0 ഡോസ് ഒ.പി.വി. |
| 6 ആഴ്ച | - | ഒന്നാം ഡോസ് ഒ.പി.വി. |
| 10 ആഴ്ച | - | രണ്ടാം ഡോസ് ഒ.പി.വി. |
| 14 ആഴ്ച | - | മൂന്നാം ഡോസ് ഒ.പി.വി. |
| 1 ½ വയസ്സ് | - | നാലാം ഡോസ് ഒ.പി.വി. |

P. [signature]

സെക്ഷൻ ഓഫീസർ

✓